ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്
ആറ്റുകാൽ, തിരുവനന്തപുരം-695 009.

റഫ:നമ്പർ: E5/21/2025/ABTT/1394 തീയതി : .29.05..2025

## ടെണ്ടർ പരസ്യം

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് സെക്രട്ടറി താഴെ പറയുന്ന പ്രവൃത്തികൾക്ക് നിശ്ചിത യോഗ്യതയും മുൻപരിചയമുള്ള പി.ഡബ്ല്യൂ.ഡി. അംഗീകൃത സിവിൽ & ഇലക്ടിക്കൽ കരാറുകാർ/സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള മുദ്രവച്ച ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | ജോലി വിവരവും ഉദ്ദേശഅടങ്കൽ തുകയും | നിരതദ്രവ്യം | ടെണ്ടർ ഫാറത്തിന്റെ വില | ജോലി തീർക്കേണ്ട കാലാവധി |
|---|---|---|---|---|
| 1 | ദേവീ ആഡിറ്റോറിയത്തിന്റെ രണ്ടാം നിലയിലെ വാടക മുറികളുടെ നവീകരണ ജോലികൾ<br>**അടങ്കൽ തുക: 40,57,360/-രൂപ** | 1,01,500/-രൂപ | 8,150/-രൂപ + GST | 150 ദിവസം |
| 2 | ദേവീ ആഡിറ്റോറിയത്തിന്റെ രണ്ടാം നിലയിലെ വാടക മുറികളുടെ നവീകരണത്തോടനുബന്ധിച്ചുള്ള ഇലക്ട്രിക്കൽ ജോലികൾ<br>**അടങ്കൽ തുക: 3,64,372/-രൂപ** | 9,200/-രൂപ | 750/-രൂപ + GST | 150 ദിവസം |

ടെൻഡർ ഷെഡ്യൂളുകൾ ട്രസ്റ്റാഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്. നിരതദ്രവ്യമായി ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും *''സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്''* എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റായോ, ട്രസ്റ്റ് ഓഫീസിൽ നേരിട്ട് ഒടുക്കിയ രസീതോ വാങ്ങി ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കണം. നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പൂരിപ്പിച്ച ടെൻഡറുകൾ ***"സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്, ആറ്റുകാൽ, മണക്കാട് പി.ഒ, തിരുവനന്തപുരം 695 009"*** എന്ന വിലാസത്തിൽ **09.06.2025** വൈകുന്നേരം **3.00** മണിക്ക് മുൻപായി ലഭിച്ചിരിക്കേണ്ടതും, **09.06.2025** വൈകുന്നേരം **4.00** മണിക്ക് സന്നിഹിതരായിരിക്കുന്ന കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്. വിശദവിവരങ്ങൾ ട്രസ്റ്റിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.attukal.org** ൽ നിന്നോ, ട്രസ്റ്റാഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിലോ ലഭിക്കുന്നതാണ്.

ടെണ്ടറിനെ സംബന്ധിച്ചുള്ള എല്ലാ ട്രസ്റ്റ് നിയമങ്ങളും ഈ ടെണ്ടറിനും ബാധകമായിരിക്കും. ടെണ്ടറുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, ടെണ്ടർ സമയങ്ങളിൽ യാതൊരു മുന്നറിയിപ്പും കൂടാതെ മാറ്റം വരുത്തുന്നതിനുമുള്ള എല്ലാ അധികാരങ്ങളും ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനു വേണ്ടി,

സെക്രട്ടറി

നോട്ടീസ് ബോർഡ്: 1. ക്ഷേത്രം. 2. ആഫീസ്, 3. വെബ്സൈറ്റ്

പകർപ്പ്: 1. ചെയർമാൻ, എ.ബി.റ്റി.റ്റി.
2. പ്രസിഡന്റ്, എ.ബി.റ്റി.റ്റി.
3. കൺവീനർ, വർക്സ് കമ്മിറ്റി, എബിറ്റിറ്റി.
4. എഞ്ചിനീയറിംഗ് സെക്ഷൻ, എബിറ്റിറ്റി.
5. ഫയൽ.